LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി & സി) പ്രസ്തുത റിപ്പോർട്ടിൽ പേജ് നമ്പർ 4-ൽ ക്രമനമ്പർ 5-ൽ പരാമർശിക്കുന്ന ഹെഡ് സർവ്വേയർ ശ്രീ. കെ. ജയകുമാർ ചെയ്ത കുറ്റത്തെ സംബന്ധിച്ച് 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടം 15(2) പ്രകാരം അന്വേഷണ ഉദ്യോഗസ്ഥയായി സർവ്വേ ഡെപ്യൂട്ടി ഡയറക്ടർ II ശ്രീമതി പി. ആർ. പുഷ്പയെ നിയമിച്ച് പരിശോധിക്കുകയും അന്വേഷണ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഹെഡ് സർവ്വേയർ ശ്രീ. കെ. ജയകുമാറിന്റെ ഭാഗത്ത് വീഴ്ച സംഭവിച്ചിട്ടുള്ള തിനാലാണ് ചാർജ്ജ് മെമ്മോ നൽകിയത്.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം ശ്രീ. കെ. ജയകുമാറിനെതിരെയുള്ള അച്ചടക്ക നടപടി 6 ആഴ്ചയ്ക്കകം തീർപ്പാക്കണമെന്ന് നിർദ്ദേശിച്ചിരിക്കുന്നതിനാൽ ടി കാലയളവിൽ തന്നെ പരാതി തീർപ്പാക്കുവാൻ ശ്രമിക്കുന്നതാണ്. ആയതിന്റെ ഭാഗമായി 6-8-2010-ാം തീയതി ടിയാനെ സർവ്വേ ഡയറക്ടർ നേരിൽ കേൾക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ്

129 (5349) ശ്രീ. വി. സുരേന്ദ്രൻപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ് വർദ്ധിപ്പിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിദ്യാർത്ഥികളുടെ ബസ് ചാർജ്ജ് ഉൾപ്പെടെയുള്ള പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) എന്തൊക്കെയാണ് പ്രസ്തുത നടപടികൾ ; വിശദാംശം നൽകുമോ ?

ഉത്തരം

(എ) പരിഗണനയിലില്ല.

(ബി & സി) വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾ പരിഗണിക്കുന്നതിന് ജില്ലാ തലത്തിൽ കളക്ടറുടെ അദ്ധ്യക്ഷതയിൽ സ്റ്റുഡന്റ്സ് ട്രാവലിംഗ് ഫെസിലിറ്റി കമ്മിറ്റികൾ നിലവിലുണ്ട്. എല്ലാ ജില്ലകളിലും കളക്ടർ ചെയർമാനായ ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി വിളിച്ചു കൂട്ടാനും പ്രൈവറ്റ് ബസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള കൺസഷൻ വിതരണം സംബന്ധിച്ചും പ്രൈവറ്റ് ബസ്സുകളിൽ വിദ്യാർത്ഥികളെ കയറ്റുന്നില്ല, സ്റ്റോപ്പിൽ ബസ്സ് നിർത്തുന്നില്ല, വിദ്യാർത്ഥികൾക്ക് സീറ്റ് അനുവദിക്കുന്നില്ല, അവരിൽ നിന്നു

അമിത ചാർജ്ജ് ഈടാക്കുന്നു, പ്രൈവറ്റ് ബസ്സുകളിലെ ജീവനക്കാർ വിദ്യാർത്ഥികളോട് മോശമായി പെരുമാറുന്നു തുടങ്ങിയ പരാതികളിന്മേലും ഉചിതമായ തീരുമാനം എടുക്കാനും ആർ. ടി. ഒ. മാർക്ക് നിർദ്ദേശം നൽകുകയുണ്ടായി. ഇതനുസരിച്ച് ഭൂരിഭാഗം ജില്ലകളിലും സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റിയുടെ യോഗം വിളിച്ചു ചേർത്ത് ഉചിതമായ തീരുമാനം എടുക്കുന്നുണ്ട്. കെ. എസ്. ആർ. ടി. സി. വിദ്യാർത്ഥികൾക്ക് നൽകുന്ന കൺസഷൻ ടിക്കറ്റ് സമ്പ്രദായം ഉദാരവൽക്കരിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

(1) കെ. എസ്. ആർ. ടി. സി. യുടെ ടൗൺ- ടു- ടൗൺ സർവ്വീസ് ഒഴികെയുള്ള എല്ലാ ഓർഡിനറി സർവ്വീസ്സുകളിലും വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുവാൻ അനുവദിക്കുന്നുണ്ട്. തൻമൂലം യാത്രാ സൗജന്യം അനുവദിക്കാതിരുന്ന റൂട്ടുകളിലും ഇപ്പോൾ യാത്രാസൗജന്യം അനുവദിക്കുന്നുണ്ട്;

(2) വിദ്യാർത്ഥികൾക്ക് കൺസഷൻ ടിക്കറ്റ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനായി കൂടുതൽ ഓർഡിനറി സർവ്വീസുകൾ പല റൂട്ടുകളിലും പുതിയതായി ആരംഭിച്ചിട്ടുണ്ട്;

(3) കൺസഷൻ ടിക്കറ്റ് എടുക്കുന്നതിനായി വിദ്യാർത്ഥി നേരിട്ട് ഡിപ്പോകളിൽ വരേണ്ട ആവശ്യം ഇപ്പോൾ ഇല്ല. രക്ഷകർത്താവോ, മറ്റാർക്കെങ്കിലുമോ ബന്ധപ്പെട്ട റിക്കാർഡുകളുമായി വന്ന് കൺസഷൻ ടിക്കറ്റ് എടുക്കാവുന്നതാണ്;

(4) കൺസഷൻ ടിക്കറ്റ് നിൽക്കുന്നതിലേയ്ക്കായി കൗണ്ടറുകൾ ഇല്ലാത്ത ചില യൂണിറ്റുകളിൽ പുതിയ കൗണ്ടറുകൾ തുടങ്ങിയിട്ടുണ്ട്.

മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാക്ലേശം പരിഹരിക്കാൻ നടപടി

130 (5350) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലപ്പുറം ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങളുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ചചെയ്യുന്നതിനായി ജില്ലാ സ്റ്റുഡന്റ്സ് ട്രാവൽ ഫെസിലിറ്റി കമ്മിറ്റി 24-5-2010-ന് യോഗം ചേരുകയുണ്ടായോ ;

(ബി) പ്രസ്തുത കമ്മിറ്റിയിൽ ആരൊക്കെയാണ് അംഗങ്ങൾ ;

(സി) ജില്ലയിലെ വിദ്യാർത്ഥികളുടെ യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി കമ്മിറ്റി എടുത്ത തീരുമാനങ്ങൾ എന്തൊക്കെ ;

(ഡി) പ്രസ്തുത തീരുമാനങ്ങളുടെ ഒരു കോപ്പി ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly